# പതിനാലാം കേരള നിയമസഭ

~~പതിമൂന്നാം സമ്മേളനം~~

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4220 13.12.2018 -ൽ മറുപടിക്ക്

## ചെറുകിട മൈക്രോ സംരംഭങ്ങൾക്കുണ്ടായ നഷ്ടങ്ങൾ

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | ഉത്തരം<br>ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |
|---|---|

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തെതുടർന്ന് ചെറുകിട മൈക്രോ സംരംഭങ്ങൾക്ക് കനത്ത നഷ്ടമുണ്ടായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്. MSME യൂണിറ്റുകൾക്ക് പ്രളയത്തെ തുടർന്നുണ്ടായ നഷ്ടം കണക്കാക്കുന്നതിലേക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വരുന്നു. സർവ്വേ പൂർണ്ണമായിട്ടില്ല. |
| (ബി) | എങ്കിൽ ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് ഉണ്ടായിട്ടുള്ള നഷ്ടം തിട്ടപ്പെടുത്തുന്നതിന് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ;ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ; | | |
| (സി) | ഇത്തരം സംരംഭങ്ങൾക്ക് വായ്പയെടുത്ത സംരംഭകർക്ക് പ്രസ്തുത നഷ്ടം സംഭവിച്ചതിനെത്തുടർന്ന് വായ്പതിരിച്ചടവ് മുടങ്ങിയിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ; | (സി) & (ഡി) | പ്രളയ ദുരന്തത്തിലെ നഷ്ടത്തിൽ നിന്നും എം.എസ്.എം.ഇ യൂണിറ്റുകളെ പുന:രുദ്ധരിക്കുന്നതിലേക്കായി 'ദുരിത ബാധിത പുനർ നിർമ്മാണ സംരംഭക സഹായ പദ്ധതി', 'പലിശ സഹായ പദ്ധതി' എന്നിങ്ങനെ രണ്ട് പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട് . കൂടാതെ 2018 ഓഗസ്റ്റ് 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്യുകയും, വ്യക്തമായ മാർഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം അർഹരായ MSME സ്ഥാപനങ്ങളുടെ വായ്പകൾക്കുള്ള മൊറട്ടോറിയവും, പുന:ക്രമീകരണത്തിലൂടെ അധിക തിരിച്ചടവുകാലയളവും പുനർവായ്പയും ലഭ്യമാക്കി വരുന്നു. |
| (ഡി) | എങ്കിൽ ഈ സംരംഭകർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ